## പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.40 | | 10/12/2012 ൽ മറുപടിയ്ക്ക് |
|---|---|---|
| **തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ ആക്രമണങ്ങളും പീഡനങ്ങളും** | | |
| | ചോദ്യം | ഉത്തരം |
| | ശ്രീമതി കെ.എസ്.സലീഖ | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്തെമ്പാടും സ്ത്രീകൾക്കെതിരായ ആക്രമണങ്ങളും പീഡനങ്ങളും വർദ്ധിച്ച് വരുന്നത് ഗൗരവമായി കാണുന്നുണ്ടോ; | (എ) ഉണ്ട് . |
| (ബി) | സർക്കാർ ആഫീസുകളടക്കമുള്ള തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ വിവിധതരത്തിലുള്ള പീഡനങ്ങൾക്കെതിരെ പരാതിപ്പെടുന്നതിന് അതാത് ഓഫീസുകളിലുള്ള സമിതികളുടെ ഘടനയും അധികാരവും എന്താണ് ; | (ബി), (സി) & (ഡി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ Vishaka and others V/s State of Rajasthan and others എന്ന കേസിലെ വിധിന്യായത്തിലെ നിർദ്ദേശപ്രകാരമാണ് സർക്കാർ ഓഫീസുകൾ അടക്കമുള്ള തൊഴിലിടങ്ങളിൽപീഡനത്തിനിരയാകുന്നവർക്ക് പരാതിപ്പെടുന്നതിനും മേൽ നടപടിയെടുക്കുന്നതിനും അതാത് ഓഫീസുകളിൽ 'കംപ്ളയിന്റ് കമ്മറ്റികൾ' രൂപീകരിക്കേണ്ടത്. ടി കമ്മറ്റിയിൽ പകുതിയിൽ കുറയാത്ത അംഗങ്ങൾ സ്ത്രീകളായിരിക്കണമെന്നും ഇത്തരം വിഷയങ്ങൾക്കെതിരെ നടപടിയെടുക്കുന്നതിൽ വൈദഗ്ദ്ധ്യമുള്ള ഒരു വ്യക്തിയെ പുറത്തുനിന്നും ഉൾപ്പെടുത്തണമെന്നും സമിതിയുടെ അദ്ധ്യക്ഷ സ്ത്രീയായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതുപ്രകാരം എല്ലാ വകുപ്പുകൾക്കും പ്രസ്തുത കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഇത്തരം കമ്മറ്റികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് സമഗ്രമായ ചട്ടങ്ങൾ തയ്യാറാക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. ഇതിന്റെ പ്രാഥമിക നടപടി എന്ന നിലയ്ക്ക് കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിനായി അഡ്വൈസർ (ജെന്റർ & ചൈൽഡ് പ്രൊട്ടക്ഷൻ) കൺവീനറായും സാമൂഹ്യനീതി പ്രിൻസിപ്പൽ സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി, ശ്രീമതി.സന്ധ്യ. ഐ.പി.എസ് എന്നിവർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സമിതികൾ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. പ്രധാനപ്പെട്ട എല്ലാ ആഫീസുകളിലും ഇത്തരം സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നതായി ഉറപ്പുവരുത്താൻ എന്തു സംവിധാനമാണ് നിലവിലുള്ളത് ; | |
| (ഡി) | പരാതിക്കാരിയുടെ അപേക്ഷ സ്വീകരിക്കുന്നതിനും സമയബന്ധിതമായി പ്രശ്നപരിഹാരത്തിനും തയ്യാറാകാത്ത സമിതികൾക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കേണ്ടത്; | |

| | | |
|---|---|---|
| (ഇ) | 2012 ജനുവരി മുതൽ ഇതുവരെ തിരുവനന്തപുരം ജില്ലയിൽ വിവിധ സർക്കാർ ഓഫീസുകളിൽ ഇത്തരത്തിലുള്ള എത്ര പരാതികൾ ലഭിക്കുകയുണ്ടായി; ഏതെല്ലാം ഓഫീസുകളിൽ നിന്നും ആരെല്ലാമാണ് പരാതി നൽകിയതെന്ന് വ്യക്തമാക്കുമോ ; | (ഇ) വിവരം ശേഖരിച്ചുവരുന്നു. |
| (എഫ്) | പ്രസ്തുത സമിതിയുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുന്നതിനും ശക്തമാക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ ? | (എഫ്) നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ